**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2107** **20-01-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിലെ ഓരോ ആരോഗ്യസ്ഥാപനവും കോവിഡ് രോഗവ്യാപനം തടയുന്നതിനായി നടത്തിയ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ? | (എ) | കേരളത്തിൽ ജനുവരി 30 ന് ആദ്യ കോവിഡ് കേസ് റിപ്പോർട്ട് ചെയ്തത് മുതൽ കോവിഡ് നിയന്ത്രണത്തിനായി ബൃഹത്തായ പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നത്. കേരള സർക്കാർ ആരോഗ്യ വകുപ്പിന്റെ കാലാകാലങ്ങളിൽ വരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കോവിഡ് പ്രതിരോധത്തിനായി ആലത്തൂർ നിയോജകമണ്ഡലത്തിലും നടത്തിയിട്ടുണ്ട്. പ്രധാനമായും താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും നടന്നു വരുന്നത്. 1) വിദേശത്ത് നിന്നും ഇതരസംസ്ഥാനത്ത് നിന്നും വരുന്നവരെ 7 ദിവസം (As per new guidelines) ക്വാറന്റയിനിൽ താമസിപ്പിക്കുക. അവരുടെ ആന്റിജൻ, ആർ.റ്റി.പി.സി.ആർ മുതലായ ടെസ്റ്റുകൾ ചെയ്ത് നെഗറ്റീവാണെങ്കിൽ അവരെ ക്വാറന്റയിനിൽ നിന്നും വിടുതൽ ചെയ്യുക. ആന്റിജൻ, ആർ.റ്റി.പി.സി.ആർ മുതലായ ടെസ്റ്റുകൾ പോസിറ്റീവ് ആകുന്ന രോഗലക്ഷണങ്ങൾ ഇല്ലാത്ത കാറ്റഗറി എ രോഗികളെ Home Isolation, CFLTC, DCC യിൽ പ്രവേശിപ്പിക്കുന്നു. ലഘു രോഗലക്ഷണങ്ങൾ ഉള്ളവരെ കാറ്റഗറി B (a) (b) രോഗികളെ CSLTC യിലും ഗുരുതര രോഗലക്ഷണങ്ങൾ ഉള്ളവരെ കാറ്റഗറി സി രോഗികളെ കോവിഡ് ആശുപത്രികളിലും പ്രവേശിപ്പിച്ച് ചികിത്സിക്കുന്നു. 2) കോണ്ടാക്റ്റ് ട്രെയിസിംഗ് - കോവിഡ് രോഗം സ്ഥിരീകരിച്ച ആളുകളെയും അവരുമായി സമ്പർക്കം ഉണ്ടായവരെയും ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ, ആശാവർക്കർ, അംഗനവാടി ടീച്ചർ, വാർഡ് മെമ്പർ എന്നിവർ അടങ്ങിയ റാപ്പിഡ് റെസ്പോൺസ് ടീം കണ്ടെത്തി ക്വാറന്റയിനിൽ പ്രവേശിപ്പിക്കുന്നു. |

അവർക്കാവശ്യമായ നിർദ്ദേശങ്ങളും മറ്റ് സഹായങ്ങളും ആവശ്യാനുസരണം ഉറപ്പാക്കുന്നു. 3) അതിൽ പ്രൈമറി കോണ്ടാക്റ്റ്, ഹൈ റിസ്ക് കോണ്ടാക്റ്റ് എന്നിവരുടെ ആന്റിജൻ/ ആർ.റ്റി.പി.സി.ആർ മുതലായ ടെസ്റ്റുകൾ ചെയ്യുകയും പോസിറ്റീവ് ആയ രോഗ ലക്ഷണം ഇല്ലാത്ത കാറ്റഗറി എ രോഗികളെ Home Isolation, CFLTC, DCC യിൽ പ്രവേശിപ്പിക്കുന്നു. ലഘു രോഗലക്ഷണം ഉള്ള കാറ്റഗറി B (a) (b) രോഗികളെ CSLTC യിലും ഗുരുതര രോഗലക്ഷണം ഉള്ള കാറ്റഗറി സി രോഗികളെ കോവിഡ് ആശുപത്രികളിലും പ്രവേശിപ്പിച്ച് ചികിത്സിക്കുന്നു. 4) ആരോഗ്യ ബോധവത്ക്കരണ പരിപാടികൾ - ബ്രേക്ക് ദി ചെയിൻ ക്യാമ്പയിൻ, എസ്.എം.എസ് (സാനിറ്റൈസർ, മാസ്ക്, സോഷ്യൽ ഡിസ്റ്റൻസിംഗ്) ആരോഗ്യ പ്രവർത്തകർ, രോഗികൾ, പൊതുജനങ്ങൾ എന്നിവർക്കെല്ലാം വിവിധ തലങ്ങളിൽ നടപ്പിലാക്കി വരുന്നു. 5) കോവിഡ് പ്രതിരോധത്തിനായി സർക്കാർ പുറപ്പെടുവിക്കുന്ന വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ പ്രൈവറ്റ് സ്ഥാപനങ്ങൾ ഉൾപ്പെടെ നടപ്പിലാക്കി വരുന്നു. 6) റിവേഴ്സ് ക്വാറന്റയിൻ 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരൻമാരുടെ ആരോഗ്യപരവും മാനസികവുമായ വിഷയങ്ങൾ നേരിടുന്നതിന് ആരോഗ്യ വകുപ്പും സാമൂഹ്യ നീതി വകുപ്പും മറ്റ് ഏജൻസികളുമായി സഹകരിച്ചു കൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് ഗ്രാന്റ് കെയർ. കുടുംബശ്രീ, അംഗനവാടി, പാലിയേറ്റീവ്, ആശ പ്രവർത്തകർ എന്നിവരെ സംയോജിപ്പിച്ചു കൊണ്ട് കേരളത്തിലെ എല്ലാ വയോജനങ്ങളേയും നേരിട്ടോ ടെലിഫോണിലൂടെയോ ബന്ധപ്പെടുകയും അവരുടെ ആരോഗ്യപരവും മാനസികവുമായ ആവശ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മുതിർന്ന പൗരൻമാരെ അവരുടെ വീടുകളിലോ മുറിക്കുള്ളിലോ മറ്റുള്ളവരുമായി സമ്പർക്കം ഒഴിവാക്കുന്നതിന് ഏർപ്പെടുത്തിയ റിവേഴ്സ് കോറന്റയിൻ നിലനിൽക്കുന്നതിനാൽ, അവരുടെ ആവശ്യാനുസരണം മരുന്നും ഭക്ഷണവും മറ്റും വീടുകളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഒറ്റപ്പെടലും ഏകാന്തത മൂലമുള്ള മാനസിക പരിമുറുക്കം വർദ്ധിക്കുന്നതിന് സാദ്ധ്യതയുള്ളതിനാൽ മാനസിക ആരോഗ്യ പദ്ധതിയുടെ ഭാഗമായി ഇവർക്ക് ടെലിഫോൺ വഴി കൗൺസിലിംഗ് ഏർപ്പെടുത്തുകയും ചെയ്തു. “ഒറ്റക്കല്ല ഒപ്പമുണ്ട്" എന്ന പേരിൽ രണ്ട് ലക്ഷത്തോളം വരുന്ന ഒറ്റയ്ക്ക് താമസിക്കുന്ന വയോധികരെ ടെലിഫോണിലൂടെ ബന്ധപ്പെടുകയും

അവരുടെ സുഖ വിവരങ്ങൾ അന്വേഷിക്കുകയും ചെയ്തിട്ടുണ്ട്. 7) ജില്ലാ മാനസികാരോഗ്യ വിഭാഗം പ്രവർത്തകർ ക്വാറന്റയിനിൽ കഴിയുന്നവർക്കും കോവിഡ് രോഗബാധ സ്ഥിരീകരിച്ചവർക്കും സാമൂഹിക മാനസിക പിന്തുണ നൽകി വരുന്നു. 8) കിടപ്പിലായ രോഗികൾക്കും അതുപോലെ തന്നെ പ്രമേഹത്തിനും രക്താതിമർദ്ദം എന്നിവയ്ക്ക് സ്ഥിരമായി മരുന്ന് കഴിക്കുന്നവർക്ക് ആവശ്യമായ മരുന്നുകൾ വീടുകളിൽ എത്തിച്ച് കൊടുത്തു വരുന്നുണ്ട്. ആലത്തൂർ നിയോജക മണ്ഡലത്തിലെ ആരോഗ്യവകുപ്പിന് കീഴിൽ വരുന്ന താലൂക്ക് ആസ്ഥാന ആശുപത്രി ആലത്തൂർ, സാമൂഹികാരോഗ്യ കേന്ദ്രം കുഴൽമന്ദം, കുടുംബാരോഗ്യ കേന്ദ്രം കിഴക്കൻഞ്ചേരി, കുടുംബാരോഗ്യ കേന്ദ്രം കുനിശ്ശേരി, കുടുംബാരോഗ്യ കേന്ദ്രം മേലാർകോട്, കുടുംബാരോഗ്യ കേന്ദ്രം തേൻകുറിശ്ശി, കുടുംബാരോഗ്യ കേന്ദ്രം വണ്ടാഴി എന്നീ ആരോഗ്യ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. Surveillane Activities വിദേശരാജ്യങ്ങളിൽ നിന്നും അന്യസംസ്ഥാനത്തിൽ നിന്നും കേരളത്തിലേക്ക് വരുന്നവരെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിരീക്ഷണത്തിൽ ഇരുത്തുവാനും, അതിൽ ലക്ഷണങ്ങൾ ഉള്ളവരെ കോവിഡ് പരിശോധിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് കെയർ സെന്റേഴ്സ് 1. ക്രസന്റ് ഹോസ്പിറ്റൽ ഹോസ്റ്റൽ -100 ബെഡുകൾ 2. ഗായത്രി കല്യാണമണ്ഡപം - 50 ബെഡുകൾ ഈ കോവിഡ് കെയർ സെന്ററിൽ നിരീക്ഷണത്തിനുള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നു. Contact Tracing High risk contacts നെയും Secondary contacts നെയും ആരോഗ്യ പ്രവർത്തകരും ആശാ പ്രവർത്തകരും, അംഗൻവാടി പ്രവർത്തകരും ചേർന്ന ടീം ഗൃഹനിരീക്ഷണത്തിൽ ഇരിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയിരുന്നു. ലക്ഷണങ്ങ ഉള്ളവരെ പരിശോധിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ILI Surveillance കോവിഡിനു സമാനമായ ലക്ഷണങ്ങളുള്ളവരെ ടെസ്റ്റിന് വിധേയമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. TRIAGE ആരോഗ്യ സ്ഥാപനങ്ങളിൽ ഒ.പി യിൽ വരുന്നവരെ ലക്ഷണങ്ങളനുസരിച്ച് വേർതിരിച്ച് കോവിഡ് സമാനമായ ലക്ഷണമുള്ളവരെ മറ്റ് രോഗികളുമായി സമ്പർക്കം ഒഴിവാക്കുന്നതിന് പനി ക്ലിനിക്കുകളിൽ നിയോഗിക്കപ്പെട്ട മെഡിക്കൽ ഓഫീസർ പരിശോധിക്കുകയും ചെയ്തിരുന്നു. Testing എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും കോവിഡ് പരിശോധന നടത്തുന്നതിനായി പരിശോധന കിറ്റുകൾ

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുകയും പരിശോധകൾ നടത്തി വരുകയും ചെയ്യുന്നു. ആലത്തൂർ താലൂക്ക് ആശുപത്രി കേന്ദ്രീകരിച്ച് ആർ.ടി.പി.സി.ആർ പരിശോധന സാമ്പൾ ശേഖരണത്തിന് പ്രത്യേക സജ്ജീകരണം ചെയ്തിട്ടുണ്ട്. Cluster and Containment Activities ആലത്തൂർ താലൂക്ക് ആശുപത്രിയിൽ ജീവനക്കാർക്കിടയിൽ 01/08/2020-ന് കോവിഡ് ക്ലസ്റ്റർ ഉണ്ടാവുകയും 50 ആരോഗ്യ പ്രവർത്തകർ കോവിഡ് ബാധിതർ ആവുകയും ചെയ്തു.15 ദിവസത്തോളം ക്ലസ്റ്റർ സജീവമായിരുന്നു. 60 ഓളം ജീവനക്കാരെ പരിശോധനക്ക് വിധേയരാക്കുകയും ചെയ്തു. Training കോവിഡ് രോഗവുമായി ബന്ധപ്പെട്ടിട്ടുള്ള രോഗ പ്രതിരോധം, ചികിത്സ, രോഗവ്യാപന നിയന്ത്രണ ചികിത്സ, ഐ.സി.യു കെയർ തുടങ്ങിയ വിഷയങ്ങളിൽ മണ്ഡലത്തിലെ ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതുകൂടാതെ പോലീസ്, കൃഷി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയവർക്കും പരിശീലനം നൽകിയിട്ടുണ്ട്. കോവിഡ്-19 സംബന്ധമായി ആലത്തൂർ നിയോജകമണ്ഡലത്തിൽ നടത്തിയ ബോധവത്കരണ പ്രവർത്തനങ്ങൾ 1. ആരോഗ്യ പ്രവർത്തകർക്കും മറ്റ് അനുബന്ധ ജീവനക്കാർക്കുമുള്ള ഓൺലൈൻ പരിശീലന പരിപാടികൾ. 2. സോഷ്യൽ മീഡിയ (ഫേസ്ബുക്ക് , വാട്സാപ്പ്) യിലൂടെയുള്ള പോസ്റ്റർ പ്രചരണം. 3. എഫ്.എം റേഡിയോ സന്ദേശങ്ങൾ 4. ലോക്കൽ കേബിൾ ചാനലിലൂടെ സ് ക്രോളിങ് ന്യൂസ്. 5. എസ്.ടി. എസ് കാമ്പയിനുമായി ബന്ധപ്പെട്ട പോസ്റ്റർ പ്രചരണം, ജില്ലാ തലത്തിൽ സൈക്കിൾ പ്രചരണയാത്ര, എല്ലാ സർക്കാർ / സർക്കാർ ഇതരസ്ഥാപനങ്ങളിലും ബോധവത്കരണം |

സെക്ഷൻ ഓഫീസർ